"ഭരണഭാഷ - മാതൃഭാഷ"

നം. WCD-D3-13491/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 31.07.2018
ഇ മെയിൽ : swdicds@gmail.com
ഫോൺ നം: 0471- 2346534.

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - അംഗപരിമിതരുടെ വ്യക്തിഗത വിവരശേഖരണം - പുരോഗതി വിലയിരുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. 09.10.2017 തീയതിയിലെ GO(Rt)No. 660/2017/SJD നമ്പർ ഉത്തരവ്.
2. 31.05.2018, 11.06.2018 തീയതികളിലെ തിരുവനന്തപുരം ജില്ല സാമൂഹ്യനീതിഓഫീസറുടെ ഇ-918/18 നമ്പർ കത്തുകൾ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 26.06.2018ലെ D3-21991/17(1) നമ്പർ കത്ത്.

സൂചന (1) ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാർ മുഖേന സംസ്ഥാനത്തെ എല്ലാ അംഗപരിമിതരുടെയും വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്ന പദ്ധതി നടപ്പാക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും സഹകരണം ലഭിക്കുന്നില്ലായെന്ന് സൂചന (2) പ്രകാരം തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചിട്ടുണ്ട്. 08.06.2018 ൽ തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസർ സമർപ്പിച്ചിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ ആകെ 12.98% വിവരശേഖരണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. കൂടാതെ വാമനപുരം അഡീഷണൽ പ്രോജക്ടിൽ നാളിതുവരെ വിവരശേഖരണം ആരംഭിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ ശേഖരിക്കപ്പെട്ട വിവരങ്ങളിൻമേൽ നടത്തിയ super checkingൽ അങ്കണവാടി വർക്കർമാർ വിവരശേഖരണ പ്രൊഫോർമയിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതായും തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായും വ്യക്തികളുടെ വിവര ശേഖരണത്തിനായി വീട് സന്ദർശിച്ചിട്ടില്ലാത്തതായും സൂചന (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നടപ്പാക്കുന്ന ടി പദ്ധതി അതിന്റെ ഗൗരവത്തോടും ഉത്തരവാദിത്തത്തോടും കൂടിയല്ല തിരുവനന്തപുരം ജില്ലയിലെ അങ്കണവാടി വർക്കർമാരും ശിശു വികസന പദ്ധതി ഓഫീസർമാരും കൈകാര്യം ചെയ്തിട്ടുള്ളത്. ഇത് പദ്ധതി നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നതാണ്.

ഒന്നാംഘട്ടം പൂർത്തിയായ സാഹചര്യത്തിൽ രണ്ടാംഘട്ടം പൂർത്തിയാക്കുന്നതിൽ അങ്കണവാടിയുടെ പ്രവർത്തനത്തിന് ഭംഗം വരാത്ത വിധത്തിൽ അംഗപരിമിതരുടെ വ്യക്തിഗത വിവരശേഖരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും യഥാസമയം പൂർത്തീകരിക്കുന്നതിനും എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ നാളിതുവരെയായിട്ടും വിവരശേഖരണം ആരംഭിക്കാത്ത വാമനപുരം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ആയതിനുള്ള വിശദീകരണം ഈ കത്ത് ലഭിച്ച് അഞ്ച് ദിവസത്തിനുള്ളിൽ രേഖാമൂലം നൽകേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി**